**ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന**

1. 2015 മാർച്ച് 13-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 15/2015/ട്രാൻ. (എസ്.ആർ.ഒ.നമ്പർ 174/2015) മുഖേന പുറപ്പെടുവിച്ച 2015-ലെ ദി കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെന്റ്മെന്റ്) റൂൾസിനുള്ള ഭേദഗതികളുടെ പരിഗണന

Shri A. K. Balan: Sir, I move the following amendments:

(1) In rule 11A(2) proposed to be inserted by rule 2(f), in the last line for the words " till the disposal of the vehicle by auction" , substitute the words " till the disposal of the vehicle in the same manner as an arrears of public revenue due on land" .

(2) Rule 11 B proposed to be inserted by rule 2(f) shall be recast as follows:-

11B. *Manner and procedure with respect of sale of vehicle seized recovery of tax.*- (1) The authorised officer, shall on receipt of an intimation under sub-rule (2) of rule 11A shall forward a certificate for the recovery of the amount of the tax due as arrears of land revenue as provided under section 13.

കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ട് 2015-ലെ റൂൾ 11-ൽ (എ)

(ബി) കൂട്ടിച്ചേർക്കുകയാണ്. അതിന്റെ ഭാഗമായി വാഹനങ്ങൾ കണ്ടുകെട്ടുന്നതും വിൽപ്പന നടത്തുന്നതുമായി ബന്ധപ്പെട്ട നടപടികളാണ് ഇതിൽ വിശദീകരിക്കുന്നത്. ഭേദഗതി ചെയ്ത ചട്ടം റവന്യൂ റിക്കവറി ആക്ടിന് എതിരാണ്, കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ട് 1976-നും എതിരാണ്. ആക്ടിന് നേരെ വിപരീതമായ ചട്ടമാണ് കൊണ്ടു വരുന്നത്. കഴിഞ്ഞ നിയമസഭയിൽ തന്നെ ഞാൻ പറഞ്ഞു, ആക്ടും ഓർഡിനൻസുമില്ലാതെയാണ് ചട്ടവും കൊണ്ടുവരുന്നതെന്ന്. അതായിരുന്നു ദേവസ്വം റിക്രൂട്ട്മെന്റ് ബില്ലുമായി ബന്ധപ്പെട്ട് ഇവിടെ നടന്നത്. ആക്ട്മില്ല ഓർഡിനൻസുമില്ല, എന്നാൽ ചട്ടം നിലനിൽക്കുകയാണ്. ഇവിടെ വളരെ പ്രകടമായി ഒരു നടപടിക്രമം റവന്യൂ റിക്കവറി ആക്ട് പ്രകാരം ഏത് പ്രോസസ് ഉപയോഗിച്ചാണ് സാധനങ്ങൾ കണ്ടുകെട്ടേണ്ടത്, എങ്ങനെയാണ് വിൽപ്പന നടത്തേണ്ടത് എന്നു സംബന്ധിച്ച് കൃത്യമായി റവന്യൂ റിക്കവറി ആക്ടിലും കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ടിലും പറയുന്നുണ്ട്. അതിന് കടകവിരുദ്ധമായാണ് നികുതി കുടിശ്ശിക വരുത്തി പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ കണ്ടുകെട്ടി സർക്കാരിലേയ്ക്ക് നികുതി കുടിശ്ശിക ഈടാക്കുന്നതിന് കൊണ്ടുവന്നിട്ടുള്ള ഭേദഗതി. കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ട് സെക്ഷൻ (13)-ൽ നികുതി കുടിശ്ശിക റവന്യൂ റിക്കവറി ആക്ടിൽ

എങ്ങനെയാണോ വസ്തു നികുതി കുടിശ്ശിക പിരിക്കുന്നത്, അതേ രീതിയിലാണ് വാഹന നികുതി കുടിശ്ശികയും പിരിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ ഭേദഗതി ചട്ടത്തിൽ കുടിശ്ശിക പിരിക്കുന്നതിന് സെക്ഷൻ (13)-ൽ പറഞ്ഞിരിക്കുന്ന രീതിയിൽ നിന്നും വ്യത്യസ്തമായ രീതി പറയുകയും ആ രീതിയിൽ കുടിശ്ശിക വസൂലാക്കാൻ പറ്റുന്നില്ലെങ്കിൽ സെക്ഷൻ 13 പ്രകാരം അത് ചെയ്യണമെന്ന് ഒരേ ആക്ടിൽ തന്നെ പറയുകയും ചെയ്യുന്നു. പിന്നെ ചട്ടമുണ്ടക്കിയതുകൊണ്ട് എന്താണ് കാര്യം. ചട്ടം ആക്ടിന് വിരുദ്ധമാണ്. ചട്ടം അങ്ങനെതന്നെ ഒഴിവാക്കി റവന്യൂ റിക്കവറി ആക്ട് പ്രകാരമുള്ള നടപടിക്രമങ്ങളായിരിക്കണം ഇതിൽ സ്വീകരിക്കേണ്ടത്. അതിന്റെ ഭാഗമായാണ് രണ്ട് ഭേദഗതി കൊടുത്തിട്ടുള്ളത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, MACA 1458/2008 കേസിൽ ഹൈക്കോടതിയുടെ സ്പീഡി സ്റ്റെപ്പ് എടുക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയ തീരുമാനം എടുത്തത്. 1976-ലെ കേരള വാഹന നികുതി നിയമത്തിലെ 11-ാം വകുപ്പ് 2014-ലെ ധനകാര്യ നിയമംമൂലം ഭേദഗതി ചെയ്യുന്നതിനുമുൻപ് ഉണ്ടായിരുന്ന വ്യവസ്ഥ പ്രകാരം മോട്ടോർ വാഹന നികുതി കുടിശ്ശികയുള്ള വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും കുടിശ്ശിക അടച്ച് തീർത്ത് രസീത്

ഹാജരാക്കുന്നതുവരെ കസ്റ്റഡിയിൽ സൂക്ഷിക്കുന്നതിനും മോട്ടോർ വാഹന വകുപ്പിന്റെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെയും പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടറിൽ കുറയാത്ത റാങ്കിലുള്ള ഉദ്യോഗസ്ഥനെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. നികുതി കുടിശ്ശിക ഭൂമിയിൻമേലുള്ള റവന്യൂ കുടിശ്ശികയായി കണക്കാക്കി റവന്യൂ റിക്കവറി നടപടികൾ നടത്തി ഈടാക്കണമെന്നാണ് പ്രസ്തുത നിയമത്തിലെ 13-ാം വകുപ്പ് അനുശാസിക്കുന്നത്. വാഹനം അതിൻപ്രകാരം വിൽപ്പന നടത്തുന്നതിനും വ്യവസ്ഥ ചെയ്തിരുന്നു. റവന്യൂ റിക്കവറി നടപടികൾ പൂർത്തീകരിച്ച് കുടിശ്ശിക ഈടാക്കുന്നതിന് ഏറെ കാലതാമസമുണ്ടായിക്കൊണ്ടിരുന്ന സാഹചര്യമാണ് നിലനിന്നിരുന്നത്. 1976-ലെ കേരള മോട്ടോർ വാഹന നികുതി നിയമത്തിലെ 11-ാം വകുപ്പ് 2014-ലെ കേരള ധനകാര്യ നിയമത്തിലെ 7-ാം വകുപ്പിന്റെ 5-ാം ഉപവകുപ്പ് പ്രകാരം ഭേദഗതി ചെയ്യുകയുണ്ടായി. പ്രസ്തുത നിയമത്തിൽ ഇപ്രകാരം ഭേദഗതി ചെയ്യപ്പെട്ട 11-ാം വകുപ്പ പ്രകാരം നികുതി കുടിശ്ശികയുടെ പേരിൽ പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ ചട്ടത്തിൽ നിർണ്ണയിക്കപ്പെടുന്ന അതേ പ്രകാരത്തിൽ വിൽപ്പന നടത്തി കുടിശ്ശിക ഈടാക്കുന്നതിന് ആതറൈസ്ഡ് ഓഫീസർമാരെ അധികാരപ്പെടുത്തുകയുണ്ടായി. ഈ അധികാരം

വിനിയോഗിച്ചുകൊണ്ടാണ് എസ്.ആർ.ഒ. നമ്പർ 174/2015 പ്രകാരം കേരള മോട്ടേർ വാഹന നികുതി ഭേദഗതി ചട്ടങ്ങൾ 2015 വിജ്ഞാപനം ചെയ്തത്. പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ കാര്യത്തിൽ വേഗത്തിൽ തീർപ്പുണ്ടാകണമെന്ന ഉദ്ദേശത്തോടുകൂടിയാണ് 1976-ലെ കേരള മോട്ടോർ വാഹന നികുതി നിയമത്തിലെ 11-ാം വകുപ്പിന് ഭേദഗതിയും അതിനനുസൃതമായി ചട്ടങ്ങളും കൊണ്ടുവന്നത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ MACA 1458/2008 എന്ന കേസിൽ ഇപ്രകാരം പിടിച്ചെടുക്കപ്പെടുന്ന വാഹനങ്ങളുടെ കാര്യം വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉത്തരവായിരുന്നു. മേൽ വിവരിച്ച സാഹചര്യത്തിലും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലുമാണ് 1975-ലെ മോട്ടോർ വാഹന നികുതി ചട്ടങ്ങളിൽ ഇപ്പോൾ നിലവിലുള്ള 11 (എ), 11 (ബി) എന്നീ ചട്ടങ്ങൾ കൊണ്ടുവരുന്നതിന് തീരുമാനിക്കുകയും അപ്രകാരം ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചെയ്തത്. പിടിച്ചെടുക്കപ്പെടുന്ന വാഹനങ്ങളുടെ കാര്യം തീർപ്പാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ പാലിച്ചു കൊണ്ടായിരിക്കണമെന്നും അതുവരെ വാഹനങ്ങൾ കസ്റ്റഡിയിൽ സൂക്ഷിക്കണമെന്നുമുള്ള ബഹുമാനപ്പെട്ട എം.എൽ.എ. നിർദ്ദേശിച്ച ഭേദഗതി നിലവിലുള്ള നിയമത്തിന്റെ 11-ാം വകുപ്പിന്റെയും അതുപ്രകാരം

പുറപ്പെടുവിച്ച എസ്.ആർ.ഒ. 174/2015 പ്രകാരം വിജ്ഞാപനം ചെയ്ത ചട്ടങ്ങളുടെയും ഉദ്ദേശ്യങ്ങൾ പരാജയപ്പെടുത്തുന്നതാണ്. അതിനാൽ ഭേദഗതി നിർദ്ദേശം അംഗീകരിക്കുന്നില്ല.

ഈ നിയമസഭയിലും മറ്റുപല തലങ്ങളിലും ഇതിനെക്കുറിച്ചുള്ള ചർച്ചകളും വന്നിരുന്നു, 2008 മുതലുള്ള കാര്യങ്ങളാണ്. ഈ പിടിച്ചെടുത്ത വാഹനങ്ങൾ നമ്മുടെ സ്ഥലമെല്ലാം കവർന്നെടുത്ത്, എല്ലാ സർക്കാർ ഓഫീസുകളിലും പഴയ വാഹനങ്ങൾ കെട്ടികിടക്കുകയാണ്. അങ്ങനെയൊരു സാഹചര്യം ഒഴിവാക്കണമെന്ന് നിയമസഭാ സമിതികൾ നിർദ്ദേശിച്ചിട്ടുണ്ട്, നിയമസഭയിൽ തന്നെ ഇതു സംബന്ധിച്ച ചർച്ചകൾ വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശംകൂടി പരിഗണിച്ച് ഭേദഗതി കൊണ്ടു വന്ന് തീരുമാനമെടുത്തതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ചട്ടത്തിന്റെ ഭേദഗതിയോട് എനിക്ക് വിയോജിപ്പില്ല. ചട്ടത്തിന്റെ ഭേദഗതി ഏറ്റവും ആവശ്യമാണ്. ഐഡിയലായിക്കിടക്കുന്ന വാഹനങ്ങൾ അക്യുമുലേറ്റ് ചെയ്ത് പോലീസ് സ്റ്റേഷനൊക്കെ നിറഞ്ഞിരിക്കുകയാണ്. അത് ചെയ്യേണ്ടത് ആക്ടിൽ ഭേദഗതി വരുത്തിയാവണം. ചട്ടത്തിലല്ല ഭേദഗതി വരുത്തേണ്ടത്. ആക്ടുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ചട്ടത്തിലല്ല ഭേദഗതി വരുത്തേണ്ടത്, പേരന്റ് നിയമത്തിൽ

തന്നെ ഭേദഗതി വരുത്തണം. അതാണ് ഞാൻ പറഞ്ഞത്, അല്ലാതെ ഇതിന്റെ ഉള്ളടക്കത്തോട് വിയോജിപ്പുണ്ടായിട്ടല്ല.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ അങ്ങയുടെ ഭേദഗതി ബഹുമാനപ്പെട്ട മിനിസ്റ്റർ അംഗീകരിക്കുന്നില്ല, അങ്ങ് പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

(2) 2015 ഏപ്രിൽ 6-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ25/2015/എസ്.ജെ.ഡി. (എസ്.ആർ.ഒ. നമ്പർ 223/2015) മുഖേന പുറപ്പെടുവിച്ച 2015-ലെ ദി ഓർഫനേജ് കൺട്രോൾ ബോർഡ് (കേരള) അമെന്റ്മെന്റ് റഗുലേഷൻസിന് ശ്രീ. കെ. എൻ. എ. ഖാദർ, ശ്രീ. എം. ഉമ്മർ എന്നിവർ നൽകിയ ഭേദഗതികളുടെ പരിഗണന

Shri K.N.A. Khader: I move the following amendments:

Sl

1. In regulation 9 A. (1)(a) after the word " orphan" , the word " abandoned" shall be added.
2. In regulation 9A. (2)(c) after the figures and symbol " 12-16" , the word " and" shall be added and the words and figures " and 19-21" shall be deleted.
3. In regulation 9A. after regulation (4)(c), the following shall be added, namely:—

   " (d) All homes shall provide minimum 1 computer for every 10 children."

4. In regulation 9 after regulation (10)(b), the following shall be added, namely:—

   " (c) Regular observation should be made by the home for the academic progress of the inmates."

5. In regulation 9 (21) after the words " consent of the inmate" , the words " and parents/guardian" shall be added.

6. In regulation 10(4) for the words " in special" , the words " on reasonable" shall be substituted.

7. In regulation 12 (1) after (g), the following shall be added:

   " (h) The Director of Social Justice or his representatives.

   (i) The Secretary to Govt. or his representatives.

   (j) Legislature Committee on the Welfare of Women, Children and Physically Handicapped."

8. In regulation 13 (1) after the sub regulation (r), the following shall be added:

   " (s) Transfer of inmate Register."

ഞാൻ അവതരിപ്പിക്കുന്നത് Orphanage Control Board (Kerala) Amendment Regulations, 2015 ലെ 9A. (1)(a) - after the word " orphan" , the word " abandoned" shall be added എന്നാണ്. അതായത് ഈ കൺട്രോൾ ബോർഡിന്റെ റെഗുലേഷൻ അനുസരിച്ച് ആരെയൊക്കെ; ഏതെല്ലാം കുട്ടികളെ ഈ സ്ഥാപനത്തിൽ അഡ്മിറ്റ് ചെയ്യാമെന്ന് പറയുന്ന സ്ഥലത്ത് orphan, destitute ഇങ്ങനെ രണ്ടു വിഭാഗം പറഞ്ഞിട്ടുണ്ട്. ഈ രണ്ടു വിഭാഗത്തിലും പെടാത്ത abandoned, ഉപേക്ഷിക്കപ്പെട്ട കുട്ടികളെക്കൂടി ചേർക്കുന്നതിന് സഹായകരമാകുന്ന

ഒരു ഭേദഗതിയാണ് ഞാൻ നിർദ്ദേശിക്കുന്നത്. 5 വയസ്സിനുമുകളിൽ പ്രായമുള്ള കുട്ടികളുടെ ഓർഫനേജ് ഹോമിലെ അഡ്മിഷന് " orphan" എന്ന വാക്കിനുശേഷം " abandoned" എന്നതുകൂടി ചേർക്കണമെന്നാണ് ഒരു ഭേദഗതി.

രണ്ടാമത്തെ ഭേദഗതി, 9A. (2)(c) കുട്ടികളെ പ്രായത്തിനനുസരിച്ച് കാറ്റഗറൈസ് ചെയ്യുന്നുണ്ട് - classification and segregation of children to their age groups preferably 5-11, 12-16, 17-18 and 19-21. ഇങ്ങനെ കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്കനുസരിച്ച് കാറ്റഗറൈസ് ചെയ്യണമെന്ന് റെഗുലേഷനിൽ പറയുന്നുണ്ട്. പക്ഷേ ഈ ആക്ടിൽ ഡെഫിനിഷൻ ക്ലാസ് (c) പറഞ്ഞിട്ടുള്ളത് - child means a boy or girl who has not completed the age of 18 years. ആക്ടിൽതന്നെ 18 വയസ്സുള്ള കുട്ടികളെ മാത്രമേ അതിന് യോഗ്യരായി കല്പിക്കുന്നുള്ളൂ. അപ്പോൾ റെഗുലേഷനിൽ 19 മുതൽ 21 വയസ്സുവരെ പ്രായമുള്ള കുട്ടികളെ ഉൾപ്പെടുത്തുന്നത് meaningless ആണ്, അത് പാടില്ലാത്തതാണ്. അതുകൊണ്ട് 9A. (2)(c)-ൽ after the figures " 12-16" എന്നുകഴിഞ്ഞിട്ട് the word " and" ചേർക്കുക. Then " 17-18" കഴിഞ്ഞ് ക്ലോസ് ചെയ്യുക. അതിനുശേഷം " and 19-21" എന്നുള്ളത് delete ചെയ്യുക. എന്നാൽ മാത്രമേ ആക്ട് അനുസരിച്ച് റൂൾസ് ശരിയാവുകയുള്ളൂ. അല്ലെങ്കിൽ 19 മുതൽ 21

വയസ്സുവരെയുള്ള കുട്ടികളെ എടുക്കാൻ സാധിക്കില്ല. ആക്ടിലെ ഡെഫനിഷനിൽ 18 വയസ്സുവരെയുള്ള കുട്ടികളെ അനുവദിച്ചിട്ടുള്ളൂ.

മൂന്നാമത്തേത്, in regulation 9A. After regulation (4)(c), the following shall be added.

" (d) All homes shall provide minimum 1 computer for every 10 children." എന്ന വാചകം കൂട്ടിച്ചേർക്കണമെന്നതാണ് അമെന്റ്മെന്റ്.

കമ്പ്യൂട്ടർ വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമായതിനുശേഷം ഈ സ്ഥാപനത്തിലെ ഓരോ ഫെസിലിറ്റീസിനെക്കുറിച്ചും റൂൾസ് ആന്റ് റെഗുലേഷനിൽ പറയുന്നുണ്ട്, അപ്പോൾ അതിനകത്ത് 'കമ്പ്യൂട്ടർ" ചേർക്കണമെന്നതാണ് ഭേദഗതി.

അടുത്ത ഭേദഗതി, In regulation 9 after regulation (10)(b), യിൽ

c) " (c) Regular observation should be made by the home for the academic progress of the inmates." എന്ന വരി ചേർക്കണമെന്നതാണ്.

കുട്ടികൾക്ക് പഠനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് കോച്ചിംഗ് സെന്ററുകളും മറ്റുപലതും പറഞ്ഞിട്ടുണ്ടെങ്കിലും അവരുടെ പഠനനിലവാരം പരിശോധിക്കുന്നതിന് ഒരു സംവിധാനം എവിടെയും പറഞ്ഞിട്ടില്ല. അത് ശ്രദ്ധിക്കണം, അതിനുവേണ്ടിയാണ് ഈ അമെന്റ്മെന്റ്.

അടുത്തത്, In regulation 9 (21) after the words " consent of the inmate" , the words " and parents/guardian" shall be added.

ഇവരെ ഒരു സ്ഥാപനത്തിൽനിന്നും മറ്റൊരു സ്ഥാപനത്തിലേയ്ക്ക് കുട്ടികളെ ട്രാൻസ്ഫർ ചെയ്യുന്നതിന് inmate-ന്റെ consent മാത്രം വേണമെന്നാണ് റെഗുലേഷനിൽ പറഞ്ഞിരിക്കുന്നത്. Inmate എന്നുപറഞ്ഞാൽ വളരെ പ്രായം കുറഞ്ഞ കുട്ടികളാണ്, അവരുടെ consent മാത്രം മതിയോ? അപ്പോൾ inmate-ന്റെ consent-നുപുറമെ consent of the inmate കഴിഞ്ഞതിനുശേഷം " and parents/guardian" എന്നുകൂടി കൂട്ടിച്ചേർക്കണം. ചില കുട്ടികൾക്ക് parents-ഉം guardian-ഉം ഉണ്ടാകും. അപ്പോൾ inmates-ന്റെ consent മാത്രം വാങ്ങിയാൽപ്പോരാ, consent കൊടുക്കാനുള്ള competency ഇല്ലാത്ത inmates ഉണ്ടാകും. അപ്പോൾ parents/guardian ചേർക്കണമെന്നതാണ് ഭേദഗതി.

മറ്റൊരു ഭേദഗതി, കുട്ടികൾ വീട്ടുകാരുമായി ടെലിഫോണിൽ സംസാരിക്കുന്നതിനെക്കുറിച്ച് പറയുന്ന ഒരു ഭാഗമുണ്ട് - in regulation 10(4) for the words " in special" , the words " on reasonable" shall be substituted.

ഇന്നത്തെ കാലത്ത് ഫോണിൽ സംസാരിക്കുന്നത് മരണം പോലെയുള്ള വളരെ സ്പെഷ്യൽ ഒക്കേഷനല്ലാത്ത സന്ദർഭങ്ങളിലും സൗകര്യമുണ്ടാക്കുന്നതിന് reasonable

എന്നുചേർക്കണമെന്നതാണ് ഭേദഗതി.

അടുത്ത ഭേദഗതി, സ്ഥാപനത്തിൽ ഇൻസ്പെക്ഷന് ആർക്കൊക്കെ അധികാരമുണ്ട് എന്ന ഭാഗമാണ്. Regulation 12(1) after (g) അതിൽ പറഞ്ഞിരിക്കുന്നത് അതുപോലെ നിലനിർത്തുകയും കൂടാതെ ഈ സ്ഥാപനം ആർക്കൊക്കെ ഇൻസ്പെക്ട് ചെയ്യാമെന്നതാണ്. അങ്ങനെ ഇൻസ്പെക്ട് ചെയ്യുന്നതിന് മൂന്നു വിഭാഗത്തിനെക്കൂടി കൂട്ടിച്ചേർക്കണമെന്നതാണ് ഭേദഗതി. (h) The Director of Social Justice or his representatives, (i) The Secretary to Govt. or his representatives, (j) Legislature Committee on the Welfare of Women, Children and Physically Handicapped – ഗവൺമെന്റ് സെക്രട്ടറിക്ക് ഇൻസ്പെക്ട് ചെയ്യാം, ഡയറക്ടർക്ക് ഇൻസ്പെക്ട് ചെയ്യാം, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിക്ക് ഇൻസ്പെക്ട് ചെയ്യാനുള്ള സ്വാതന്ത്ര്യം വേണം. (h), (i), (j) എന്നിവ 12(1) ൽ (g) ക്കുശേഷം ചേർക്കണമെന്നതാണ് ഭേദഗതി.

അടുത്ത ഭേദഗതി,

In regulation 13 (1) after the sub regulation (r), the following shall be added:
" (s) Transfer of inmate Register"

ഈ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ട ഒരുപാട് രജിസ്റ്ററുകളുടെ പേര്

പറഞ്ഞിട്ടുണ്ട്. ഈ ആക്റ്റിലും റൂൾസിലും inmates-നെ അങ്ങോട്ടുമിങ്ങോട്ടും ട്രാൻസ്ഫർ ചെയ്യുക എന്നുപറഞ്ഞിട്ടുണ്ട്. അങ്ങനെ ട്രാൻസ്ഫർ ചെയ്യുമ്പോൾ അതിനും സ്ഥാപനത്തിൽ രേഖകളുണ്ടാകും, അല്ലെങ്കിൽ വേണം. അവിടെ സൂക്ഷിക്കപ്പെടേണ്ട രജിസ്റ്ററുകളുടെ കൂട്ടത്തിൽ (s) ആയി Transfer of inmate Register എന്നതു കൂടി കൂട്ടിച്ചേർക്കണം.

ഇത്രയും ഭേദഗതികൾ കൂടി ഈ റെഗുലേഷനിൽ കൂട്ടിച്ചേർക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

Shri M. Ummer: I move the following amendments:

In regulation 2, after 2 (17)(c) the following shall be added:

“ (d) If the child dies in the hospital, the death certificate shall be obtained from the hospital;

(e) a photograph of the dead body shall be taken before the burial/cremation;

(f) If the home bury or cremate the dead body, the death certificate shall be kept in the institutions file;

(g) the death shall be registered with the Corporation or the Municipality or the Panchayath within three working days and the death certificate shall be obtained;

(h) in case the relatives ask for the death certificate; the photocopy will be issued and the original will be kept in the institutions file;”

The existing '(d)' shall be rearranged as '(i)'.

After '(i)', the following shall be added:

" (j) in case the relatives take the dead body, the original of the death certificate issued by the doctor will be given to them after making a copy of it to be kept in the home's file. In such cases, the relatives shall also acknowledge in the admission register that they have received the body and the death certificate and acknowledged it."

ഇത് റൂളിൽ തന്നെയുള്ള വളരെ പ്രധാനപ്പെട്ട ഭേദഗതിയാണ്. ഇതിൽ അഞ്ചു വയസ്സിനുതാഴെയുള്ള കുട്ടികളും അഞ്ചു വയസ്സിനുമുകളിലുള്ള കുട്ടികളും ആത്മഹത്യ ചെയ്യുകയോ അല്ലെങ്കിൽ അപകടത്തിൽ മരണപ്പെടുകയോ ചെയ്താലുണ്ടായ ചില നടപടിക്രമങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. അത് രണ്ടും, 5 വയസ്സിനുതാഴെ എന്നുള്ള ക്ലോസ് കൊടുത്തിട്ടുള്ളത് 2(b)-യിലും രണ്ട് സബ് ഹെഡ്ഡിംഗ്സിലുമാണ്. അഞ്ച് വയസ്സിനു താഴെയുള്ള കുട്ടികൾ മരിച്ചാൽ അനാഥാലയം ശ്രദ്ധിക്കേണ്ട കുറേ നടപടിക്രമങ്ങളുണ്ട്. അഞ്ച് വയസ്സിനു മുകളിലുള്ള കുട്ടികൾ മരിക്കുമ്പോൾ ആ ക്ലോസുകൾ വിട്ടുപോയിട്ടുണ്ട്. അതുകൂടി ഉണ്ടായാൽ മാത്രമേ ഇത് രണ്ടിനും ബാധകമാകുകയുള്ളൂ എന്നുള്ളതുകൊണ്ടാണ് എന്റെ ഭേദഗതികൾകൂടി ഇതിൽ കൊണ്ടുവരണമെന്ന് ഞാൻ പറയുന്നത്.

ഇതിൽ പറഞ്ഞിട്ടുള്ള മാനദണ്ഡപ്രകാരം 5 വയസ്സിനു താഴെയുള്ള കുട്ടി മരിച്ചാൽ ഈ നടപടിക്രമങ്ങൾ പാലിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. 5 വയസ്സിനു മുകളിലുള്ള കുട്ടി ആത്മഹത്യ ചെയ്യുകയോ അല്ലെങ്കിൽ അപകടത്തിൽ മരിക്കുകയോ

ചെയ്യുകയാണെങ്കിൽ ഈ പറയുന്ന എല്ലാ പ്രൊസീഡ്യുവറും വരണമെങ്കിൽ ഈ ക്ലോസിൽ ഈ ഭേദഗതികൾ കൂടി കൂട്ടിച്ചേർക്കേണ്ടതാണ്. ഈ സഭയിൽ ഇത്രയധികം ഭേദഗതികൾ അവതരിപ്പിക്കുന്നതിന് അവസരം നൽകിയ ബഹുമാനപ്പെട്ട ചെയറിന് എന്റെ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ആദ്യം ശ്രീ. കെ.എൻ.എ.ഖാദർ, എം.എൽ.എ. നൽകിയ ഭേദഗതിയിലുള്ള ഗവൺമെന്റിന്റെ നിലപാട് ഇവിടെ അറിയിക്കുകയാണ്. നോട്ടീസിലെ ഒന്നാമത്തെ നിർദ്ദേശം " Orphan" , എന്ന വാക്ക് കഴിഞ്ഞ് " abandoned" shall be added എന്ന നിർദ്ദേശം അംഗീകരിക്കുന്നില്ല. കാരണം, അനാഥാലയങ്ങളുടെയും ഉപേക്ഷിക്കപ്പെട്ട സ്ത്രീകളുടെയും കുട്ടികളുടെയും ഹോമുകൾ നിയന്ത്രിക്കുന്നതും മേൽനോട്ടം വഹിക്കുന്നതും കേന്ദ്ര ആക്ടായ 1960-ലെ Orphanages and Other Charitable Homes Supervision and Control Act അനുസരിച്ചാണ്, അതിനാണ് ആ ആക്ട് കൊണ്ടുവന്നിട്ടുള്ളത്. പ്രസ്തുത ആക്ടിൽ neglected children ഉം ഉൾപ്പെടുന്നതാണ്. Regulation-ൽ orphan and destitute എന്നിവരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ abandoned എന്ന വാക്ക് regulation ൽ ചേർക്കേണ്ട പ്രത്യേക ആവശ്യമില്ല.

നോട്ടീസിലെ രണ്ടാമത്തെ നിർദ്ദേശം, 12 മുതൽ 16 വരെ എന്നുള്ളത് 19, 21 ഡിലീറ്റ് ചെയ്യണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയാണ് 1960-ൽ Orphanages and Other Charitable Homes Supervision and Control Act കൊണ്ടുവന്നിട്ടുള്ളത്. ആയതിനാൽ 19, 21 വയസ്സുവരെയുള്ളവരെ ഒഴിവാക്കണമെന്ന നിർദ്ദേശം അംഗീകരിക്കേണ്ടതില്ല. മൂന്ന്, " All homes shall provide minimum 1 computer for every 10 children" ഇത് നല്ല നിർദ്ദേശമാണ്. ഇക്കാര്യത്തിലൊരു പോളിസി ഡിസിഷൻ കൂടി വേണ്ടതാണ്. പോളിസി ഡിസിഷൻ കൂടി എടുത്ത് ഇക്കാര്യംകൂടി കൊണ്ടുവരുന്നതാണ്. ഈ ഭേദഗതിയെ സ്വാഗതം ചെയ്യുന്നു. പോളിസി ഡിസിഷൻ എടുക്കുന്നതിനുവേണ്ടിയുള്ള സമയം ആവശ്യമുള്ളതുകൊണ്ട് അതുകഴിഞ്ഞ് ആ ഭേദഗതി കൊണ്ടുവരുന്നതാണ്.

നാലാമത്തേത്, " Regular observation should be made by the home for the academic progress of the inmates" ഇതും കാര്യങ്ങൾ sub regulation-കളുടെ 10 (a) യിലും 10 (b) ഉൾപ്പെടുത്തിയതുകൊണ്ട് സ്വീകരിക്കേണ്ടതില്ല.

അഞ്ച്, Parents എന്നുള്ളത് ചേർക്കണമെന്നുള്ളതാണ്. ശരിക്കും കുട്ടിയുടെ consent ആണ് പ്രധാനം. മാത്രമല്ല, ഇവിടെ പറഞ്ഞതുപോലെ parents ഉള്ളവരും

ഇല്ലാത്തവരും തമ്മിലുള്ള വിവേചനം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി അത് സ്വീകരിക്കേണ്ടതില്ല.

ആറ്, In regulation 10 (4) for the words " in special" , the words " on reasonable" shall be substituted. ഈ നിർദ്ദേശം സ്വീകരിക്കുന്നു. ഈ ഭേദഗതി അംഗീകരിക്കുന്നു.

ഏഴ്, ഇതൊരു പോളിസി ഡിസിഷൻ വേണ്ട കാര്യമാണ്. " The Director of Social Justice or his representatives" ., " The Secretary to Govt; or his representatives" , " Legislature Committee on the Welfare of Women, Children and physically Handicapped" ഇത് തത്വത്തിൽ അംഗീകരിക്കുവാൻ പറ്റുന്നതുകൊണ്ടും പോളിസി ഡിസിഷൻ പിന്നീട് മാറ്റി ഉണ്ടാക്കിയെടുക്കാം എന്നുള്ളതുകൊണ്ടും ഈ ഭേദഗതി ഇപ്പോൾ അംഗീകരിക്കുകയാണ്.

എട്ട്, " Transfer of inmate register " എന്ന നിർദ്ദേശം " Register for the transfer of inmates" എന്ന ചെറിയൊരുമാറ്റത്തോടുകൂടി അംഗീകരിക്കുകയാണ്.

ശ്രീ. എം. ഉമ്മർ, എം.എൽ.എ. നൽകിയിട്ടുള്ള ഭേദഗതി അംഗീകരിക്കുകയാണ്. ചെറിയ ഒരു ഭേദഗതി അദ്ദേഹത്തിന്റെ ഭേദഗതിക്ക്

നിർദ്ദേശിക്കുന്നു. നിലവിലുള്ള ഇനം (d) യിലെ (i) ഇനവുമായി പുനരക്ഷരം ചെയ്യേണ്ടതും അപ്രകാരം പുനരക്ഷരം ചെയ്ത (i) ഇനത്തിന് മുമ്പായി താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതുമാണ്. അതായത്, അദ്ദേഹം പറഞ്ഞിട്ടുള്ള d, e, f, g, h -നുശേഷം ഇനം (i) -നുശേഷം താഴെപ്പറയുന്ന ഇനം (j) നിർദ്ദേശിക്കുന്നു. ഈ നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതുമൂലം പ്രസ്തുത റെഗുലേഷന് കൂടുതൽ വ്യക്തതയും കുട്ടിയുടെ മരണം സംബന്ധിച്ച് സുതാര്യതയും ഉറപ്പുവരുത്താൻ സാധിക്കുമെന്നുള്ളതുകൊണ്ട് ഈ ഭേദഗതി ബഹുമാനപ്പെട്ട സ്പീക്കറുടെ മുമ്പിൽ സമർപ്പിക്കുകയാണ്. ആ മാറ്റത്തോടുകൂടി അത് അംഗീകരിക്കണം.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 6, 7, 8 ചട്ടങ്ങളിലെ ഭേദഗതികൾ സഭ അംഗീകരിക്കുന്നു.

6, 7, 8-ഉം ഭേദഗതികൾ അംഗീകരിക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

6,7 ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 8-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 1,2,3,4,5 ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ.കെ.എൻ. എ. ഖാദർ അവതരിപ്പിച്ച 1,2,3,4,5 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതി ഭേദഗതിയോടുകൂടി അംഗീകരിക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ.................

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതി ഭേദഗതിയോടുകൂടി സഭ അംഗീകരിച്ചിരിക്കുന്നു.